**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** — **12-02-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് ഓൺലൈനായി റവന്യൂ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രവാസി മലയാളികൾക്ക് സ്വന്തമായോ കൂട്ടായ അവകാശത്തിലോ സംസ്ഥാനത്തുള്ള ഭൂമി സംബന്ധിച്ച എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. www.revenue.kerala.gov.in എന്ന പോർട്ടലിലൂടെ സംസ്ഥാനത്തെ പൊതുജനങ്ങൾക്ക് റവന്യൂ വകുപ്പ് നൽകി വരുന്ന എല്ലാ സേവനങ്ങളും യു.കെ, യു.എസ്.എ.,കാനഡ,സിംഗപ്പൂർ,സൗദി അറേബ്യ, യു.എ.ഇ.,ഒമാൻ,ഖത്തർ, കുവൈറ്റ്, ബഹറിൻ തുടങ്ങിയ 10 വിദേശ രാജ്യങ്ങളിലെ പ്രവാസികൾക്കു കൂടി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രവാസികൾക്കായി ഭൂമി സംബന്ധമായ ഏതെല്ലാം സേവനങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രവാസികൾക്കായി ഭൂമി സംബന്ധമായ ചുവടെ പ്പറയുന്ന സേവനങ്ങൾ www.revenue.kerala.gov.inഎന്ന പോർട്ടലിലൂടെ യു.കെ, യു.എസ്.എ, കാനഡ, സിംഗപ്പൂർ, സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹറിൻ തുടങ്ങിയ 10 വിദേശ രാജ്യങ്ങളിൽ ഓൺലൈനായി ലഭ്യമാക്കി വരുന്നു.<br><br>1. റെലിസ് മുഖേന സിറ്റിസൺ ലോഗിനിലൂടെ നിലവിൽ ഭൂനികുതി, കെട്ടിട നികുതി, അധിക കെട്ടിട നികുതി തുടങ്ങിയവ ഓൺലൈനായി ഇ-പേയ്മെന്റ് പ്ലാറ്റ്ഫോം വഴി അടയ്ക്കാവുന്നതാണ്<br><br>2. ബി.റ്റി.ആർ പകർപ്പ്, തണ്ടപ്പേർ പകർപ്പ്, ലോക്കേഷൻ മാപ്പ്, എഫ്.എം..ബി സ്കെച്ച് (ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ) എന്നിവ ലഭ്യമാകുന്നതിനായി പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിയ്ക്കുവാനും ഫീസടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ ടി പകർപ്പുകൾ ഡൗൺലോഡ് ചെയ്ത് എടുക്കുവാനും സാധിക്കും.<br><br>3.ഭൂമി തരം മാറ്റം അപേക്ഷ ഓൺലൈനായി സമർപ്പിയ്ക്കുന്നതിനും ഫീസടയ്ക്കുന്നതിനുമുള്ള സൗകര്യം ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | 4.മാനുവലായി നികുതി അടച്ച് വരുന്ന ഭൂമിക്ക് ഓൺലൈനായി നികുതി അടയ്ക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട വില്ലേജാഫീസറുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനും സാധിക്കും.<br><br>5. രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ പോക്ക് വരവ് നടപടിയുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ് (Pokkuvaravu).<br><br>6. സർവ്വെ നമ്പറോ തണ്ടപ്പേർ നമ്പരോ നൽകിയാൽ വില്ലേജ് റിക്കാർഡുകളിലുള്ള നിലവിലെ ഭൂഉടമയുടെ വിവരങ്ങളും നികുതി ഒടുക്ക്/കുടിശ്ശിക വിവരങ്ങളും ലഭ്യമാകും (Tax dues/Ownership)<br><br>7. സർവ്വെ നമ്പറോ തണ്ടപ്പേർ നമ്പരോ നല്കിയാൽ ടി സർവെ നമ്പരിൽ നടന്നിട്ടുള്ള ഭൂമിയുടെ കൈമാറ്റ വിവരങ്ങൾ ലഭ്യമാകുന്നതാണ് (Transaction Reports)<br><br>8. ഭൂഉടമയ്ക്ക് Aadhaar linking എന്ന സബ്മെനു ഉപയോഗിച്ച് തണ്ടപ്പേരിനെ ആധാറുമായി ലിങ്ക് ചെയ്യാൻ സാധിക്കുന്നതാണ്. |
| (സി) | ഭൂമിസംബന്ധമായ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പ്രവാസികൾക്ക് ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (സി) | ഭൂസംബന്ധമായ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിയ്ക്കുന്നതിനായി പ്രവാസികൾക്ക് www.revenue.kerala.gov.in എന്ന വെബ് പോർട്ടലിൽ പ്രവേശിച്ച് ആദ്യം കാണുന്ന പേജിലെ Citizen Login ലൂടെ റെലിസ് ആപ്ലിക്കേഷനിലുള്ള റവന്യൂ ഇ-സർവീസസ് പേജിലേക്ക് പ്രവേശിക്കാവുന്നതാണ്. ഇതേവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർ Citizen Registration എന്ന മെനു തിരഞ്ഞെടുത്തതിനുശേഷം പേര്, മേൽവിലാസം, മൊബൈൽ നമ്പർ എന്നിവ നല്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിനുശേഷം Citizen Login ലൂടെ ഇ-സർവീസസ് പേജിലേയ്ക്ക് പ്രവേശിച്ച് അതിൽ പട്ടികപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ തിരഞ്ഞെടുത്ത് അപേക്ഷകൾ ഓൺലൈനായി തന്നെ സമർപ്പിയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ പ്രസ്തുത വെബ് പോർട്ടൽ etreasury യുമായി സംയോജിച്ച് പ്രവർത്തിക്കുന്നതാകയാൽ etreasury പോർട്ടൽ ലഭ്യമായിട്ടുള്ള ബന്ധപ്പെട്ട 10 രാജ്യങ്ങളിലും അപ്രകാരം ഫീസ് ഒടുക്കി അപേക്ഷ സമർപ്പിയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സേവനം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള പ്രവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും താമസിക്കുന്ന പ്രവാസി മലയാളികൾക്ക് അവരുടെ പേരിൽ സംസ്ഥാനത്തുള്ള ഭൂമി സംബന്ധമായ വിഷയങ്ങളിൽ അപേക്ഷ സമർപ്പിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും സൗകര്യമേർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ഡി) | '(സി)' പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ